ഭരണഭാഷ -മാതൃഭാഷ

സി 969/19

സ്പെഷ്യൽ തഹസീൽദാരുടെ കാര്യാലയം
എൽ. എ . നമ്പർ 2 കൊല്ലം,
കുണ്ടറ
08.06.2021
പിൻ 691501
ഇമെയിൽ : spltahsildar2@gmail.com

## നോട്ടീസ്

**2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമത്തിലെ (2013 ലെ 30 നമ്പർ കേന്ദ്ര ആക്റ്റ്) 21 (1), (2), (3) വകുപ്പ് പ്രകാരം നൽകുന്ന നോട്ടീസ്**

താഴെ വിവരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് കെ. എസ് . ഇ. ബി കണ്ണനല്ലൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് നിർമാണത്തിനു വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം കൈവശത്തിൽ ഏറ്റെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

പട്ടികയിൽ വിവരിക്കുന്ന വസ്തുവിലുള്ള എല്ലാ താൽപര്യം സംബന്ധിച്ച് നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ വാദം ഉന്നയിക്കാവുന്നതാണെന്ന് കാണിച്ചുകൊണ്ടുള്ള പൊതു നോട്ടീസ് ജില്ലാ കളക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ആയതിനാൽ പട്ടികയിൽ വിവരിക്കുന്ന വസ്തുവിൽ താൽപര്യമുള്ള വ്യക്തികൾ പൊതു നോട്ടീസിൽ പറഞ്ഞിട്ടുള്ള 08.07.2021 തീയതി 11.00 AM ന് എൽ. എ . നമ്പർ 2 കൊല്ലം ,കുണ്ടറ , സ്പെഷ്യൽ തഹസീൽദാരുടെ കാര്യാലയത്തിൽ നേരിട്ടോ ഏജൻറ് മുഖേനയോ അഭിഭാഷകൻ മുഖേനയോ ഹാജരായി അവാർഡ് വസ്തുവിൽ യഥാക്രമമുള്ള താത്പര്യങ്ങളുടെ സ്വഭാവവും അങ്ങനെയുള്ള താത്പര്യങ്ങൾക്ക് നഷ്ടപരിഹാരമായി അവകാശ വാദം ചെയ്യുന്ന തുകയും പുനരധിവാസത്തെയും പുനസ്ഥാപനത്തെയും സംബന്ധിച്ച അവകാശ വാദവും വകുപ്പ് 20 പ്രകാരം നടത്തിയിട്ടുള്ള അളവും സംബന്ധിച്ച ആക്ഷേപങ്ങൾ ( വല്ലതുമുണ്ടെങ്കിൽ )വ്യക്തമാക്കാൻ ആവശ്യപ്പെടുന്നു. അപ്രകാരമുള്ള സ്റ്റേറ്റ്മെൻറ് രേഖാമൂലമായിരിക്കണമെന്നും കക്ഷിയോ അയാളുടെ ഏജൻറോ ഒപ്പ് വച്ചിരിക്കണമെന്നും ആവശ്യപ്പെടുന്നു.

## ഭൂമിയുടെ വിവരങ്ങൾ

| ജില്ല; താലൂക്ക് , വില്ലേജ്. | ബ്ലോക്ക്, റീസർവേ നമ്പർ | വിസ്തീർണ്ണം (ഹെക്ടറിൽ) | വിവരണം | ഉടമസ്ഥൻ/കൈവശക്കാരൻ/മറ്റ് തരത്തിൽ ടി വസ്തുവിൽ തൽപരരായ കക്ഷികളുടെ പേര് വിവരം |
|---|---|---|---|---|
| കൊല്ലം, കൊല്ലം, തൃക്കോവിൽവട്ടം | ബ്ലോക്ക് നം : 22<br>624/7<br>624/8<br>624/9 | 00.0125<br>00.0273<br>00.0128 | പുരയിടം | ശ്രീമതി. രമ്യ, അനിൽ ഭവനം, കുടവട്ടൂർ (പി ഒ), ഓടനാവട്ടം വില്ലേജ്, കൊട്ടാരക്കര താലൂക്ക് |
| | ആകെ | 00.0526 | | |

സ്പെഷ്യൽ തഹസീൽദാർ
എൽ. എ . നമ്പർ 2 കൊല്ലം,
കുണ്ടറ

### ഹാജരാക്കേണ്ട രേഖകൾ

1) അസ്സൽ ആധാരം
2) മുന്നാധാരം
3) നടപ്പ് വർഷത്തെ കരം അടച്ച രസീത്
4) നടപ്പ് വർഷത്തെ കെട്ടിട നികുതി രസീത്
5) കൈവശസർട്ടിഫിക്കറ്റ്
6) റവന്യു റിക്കവറി നടപടികൾ ഇല്ല എന്നുള്ള സർട്ടിഫിക്കറ്റ്
7) 15 വർഷത്തെ ബാദ്ധ്യതാ സർട്ടിഫിക്കറ്റ്
8) ആധാർ കാർഡ് അസ്സലും പകർപ്പും
9) ബാങ്ക് പാസ്സ് ബുക്ക് അസ്സലും പകർപ്പും
10) വസ്തു ഉടമ മരണപ്പെട്ടു പോയിട്ടുള്ള പക്ഷം അനന്തരാവകാശ സർട്ടിഫിക്കറ്റ്
11) വസ്തു ഉടമ നേരിട്ട് ഹാജരാകാത്ത സാഹചര്യത്തിൽ ഹാജരാകുന്നതിന് അധികാരപ്പെടുത്തിക്കൊണ്ടുള്ള അധികാര പത്രം